കേരളകൗമുദി

29 April 2017

# മീൻ വില ഫ്ലാറ്റായെന്ന് പഠനം

കൊച്ചി: ഇതര സംസ്ഥാനങ്ങളിൽ നിന്ന് വൻതോതിൽ മീനെത്തുന്നതു കാരണം കേരളത്തിൽ മീൻ വില കുത്തനെ ഇടിഞ്ഞെന്ന് പഠനം. കഴിഞ്ഞ വർഷം ഇവിടെ വിറ്റ 40 ശതമാനം മത്സ്യവും പുറത്തുനിന്നാണെന്ന് കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം നടത്തിയ പഠനം വ്യക്തമാക്കുന്നു. 20 ശതമാനം വരെ വിലയും



ഈ കാലയളവിൽ കുറഞ്ഞു. അയലവിലയാണ് ഏറ്റവും കുറഞ്ഞത്. 30.6 ശതമാനം. ദിവസം ശരാശരി 2000 മുതൽ 2500 ടൺവരെയാണ് കേരളത്തിലെ മത്സ്യ ഉപഭോഗം. മൺസൂണിന് മുമ്പുള്ള മാസങ്ങളിൽ (ജനുവരി-മാർച്ച്) 60 ശതമാനം മത്സ്യവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. അതിൽ ഏറ്റവും കൂടുതൽ കർണാടകയിൽ നിന്നാണ്. 22 ശതമാനം. തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവയാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. കേരളീയരുടെ പ്രിയമത്സ്യമായ ചാളയാണ് ഇവർ കൂടുതലും കൊണ്ടുവരുന്നത്. കടലിൽ നിന്നുള്ള മത്സ്യലഭ്യത കുറയുന്ന സാഹചര്യത്തിൽ കൃഷി രീതികളിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കണമെന്നും പഠനത്തിൽ പറയുന്നു. പുറം മീനുകളുടെ ഗുണനിലവാരം ഉറപ്പാക്കാനും കർശന നടപടി ഉണ്ടാവണം.